പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *218 — 07.12.2018-ൽ മറുപടിയ്ക്ക്

## പട്ടികഗോത്രവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായുള്ള പദ്ധതികൾ

**ചോദ്യം**
ശ്രീ.ആന്റണി ജോൺ
ശ്രീ.സി.കൃഷ്ണൻ
ശ്രീ.പി.വി. അൻവർ
ശ്രീ.ഒ. ആർ. കേളു

**മറുപടി**
ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ
പിന്നോക്കസമുദായക്ഷേമവും നിയമവും
സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | ബോധനരീതിയിലെ പോരായ്മയും സാംസ്കാരിക അകൽച്ചയും കാരണം പട്ടികഗോത്രവർഗത്തിൽപ്പെട്ട കുട്ടികൾ പഠനത്തിൽ പിന്നാക്കം പോവുകയും തൽഫലമായി പഠനം വിജയകരമായി പൂർത്തിയാക്കാനാകാതെ ഇടയ്ക്ക് വച്ചു നിർത്തിപ്പോകുന്ന അവസ്ഥ പരിഹരിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള സാമൂഹ്യ പഠനമുറി പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | എ) | 2017-18 സാമ്പത്തികവർഷം പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ വിവിധ ജില്ലകളിലായി 100 സാമൂഹ്യ പഠനമുറികൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. 100 സാമൂഹ്യപഠന മുറികളിലായി 2881 വിദ്യാർത്ഥികൾ പഠനം നടത്തി വരുന്നു. ഓരോ സാമൂഹ്യപഠന മുറികളുടെയും പ്രവർത്തനം ജില്ലാതലത്തിൽ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ പ്രൊമോട്ടർമാർ എന്നിവരുടെ യോഗത്തിൽ വിലയിരുത്താറുണ്ട്. ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ ഫീൽഡ്തല പരിശോധന നടത്തി ഉറപ്പുവരുത്തുന്നുണ്ട്. ടി പദ്ധതിയിലൂടെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തെ സംബന്ധിച്ച കൂടുതൽ അവബോധം ഉണ്ടാക്കുന്നതിനും സ്കൂളിൽ കൃത്യസമയത്ത് എത്തിച്ചേരുന്നതിനും സ്കൂളിൽ പഠിപ്പിച്ച പാഠ്യ ഭാഗങ്ങളിൽ ഉണ്ടാകുന്ന സംശയങ്ങൾ ഫെസിലിറ്റേറ്റർ മുഖേന പരിഹരിക്കുന്നതിനും |

| | | | |
|---|---|---|---|
| | | | കഴിഞ്ഞിട്ടുണ്ട്. ഫെസിലിറ്റേറ്റർമാരുടെ യോഗം കൃത്യമായ ഇടവേളകളിൽ ജില്ലതലത്തിൽ ചേർന്ന് പ്രവർത്തനം വിലയിരുത്തുന്നുണ്ട്. |
| ബി) | വയനാട് ജില്ലയിലെ പ്രാഥമിക വിദ്യാലയങ്ങളിൽ നടപ്പാക്കിയിട്ടുള്ള മെന്റർ ടീച്ചർ പദ്ധതി അപ്പർ പ്രൈമറി, ഹൈസ്കൂൾ തലങ്ങളിലേക്ക് കൂടി വ്യാപിപ്പിച്ച് എല്ലാ ജില്ലകളിലും നടപ്പാക്കുമോ; | ബി) | സംസ്ഥാനത്തെ പ്രൈമറി ക്ലാസുകളുള്ള സർക്കാർ/ എയ്ഡഡ് സ്കൂളുകളിൽ പട്ടിക വർഗ്ഗ വിഭാഗത്തിലുള്ള 1 മുതൽ 4-ാം ക്ലാസു വരെ പഠിക്കുന്ന കുട്ടികളുടെ കൊഴിഞ്ഞ് പോക്ക് തടയുന്നതിനും, പട്ടികവർഗ്ഗ വിഭാഗ ത്തിൽപ്പെട്ട അഭ്യസ്തവിദ്യർക്ക് തൊഴിൽ എന്നിവ ലക്ഷ്യം വച്ചുകൊണ്ട് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ടി.ടി.സി/ബി.എഡ്/ ഡി.എഡ് പാസ്സായ അഭ്യസ്തവിദ്യരിൽ നിന്നും തെരഞ്ഞെടുക്കുന്നവരെ ദിവസ വേതനാടിസ്ഥാനത്തിൽ മെന്റർ ടീച്ചർമാരായി നിയമിക്കുന്ന പദ്ധതിയാണ് "ഗോത്രബന്ധു പദ്ധതി"<br><br>2017-18 അദ്ധ്യയനവർഷം വയനാട് ജില്ലയിൽ 241 മെന്റർ ടീച്ചർമാരെ നിയമിച്ചിട്ടുണ്ട്. കൂടാതെ 2018-19 അധ്യയനവർഷം പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിൽ 26 മെന്റർ ടീച്ചർമാരെ നിയമി ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>അടുത്ത അദ്ധ്യയനവർഷം കൂടുതൽ ജില്ലക ളിലേക്ക് ഗോത്രബന്ധു പദ്ധതി വ്യാപിപ്പിക്കുന്ന വിഷയം പരിശോധിച്ചു വരുന്നു. പ്രസ്തുത പദ്ധതി അപ്പർപ്രൈമറി, ഹൈസ്കൂൾ തലങ്ങളിലേയ്ക്ക് കൂടി വ്യാപി പ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

| | | | |
|---|---|---|---|
| (സി) | പോലീസിലും എക്സൈസിലും വനം വകുപ്പിലും പട്ടിക ഗോത്രവർഗ്ഗത്തിൽ പ്പെട്ടവരെ പ്രത്യേകമായി നിയമിച്ച മാതൃകയിൽ പട്ടികഗോത്ര മേഖലയിലെ സ്കൂളുകളിലെങ്കിലും ഈ വിഭാഗത്തിൽപ്പെട്ടവർക്ക് അധ്യാപകരായി പ്രത്യേക നിയമനം നൽകാൻ വകുപ്പ് മുൻകയ്യെടുത്ത് നടപടി സ്വീകരിയ്ക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | പോലീസിലും എക്സൈസിലും വനം വകുപ്പിലും കേരളാ പബ്ലിക് സർവീസ് കമ്മീഷൻ മുഖേനയാണ് പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട വർക്ക് പ്രത്യേക നിയമനം നൽകിയിട്ടുള്ളത്. പട്ടികവർഗ്ഗ മേഖലയിലെ സ്കൂളുകളിൽ നിശ്ചിത യോഗ്യതയുള്ള പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരെ അധ്യാപകരായി പ്രത്യേക നിയമനം നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**